പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ
ബിൽഡിംഗ് നം. 32, ടി സി 81-1051, ശാന്തിനഗർ, തിരുവനന്തപുരം - 695001
Tel. 0471-2339266 / 2331080
Email: mail.inpa@gmail.com Website : www.ipaffairs.org

പ്രസിദ്ധീകരണത്തിന്

തീയതി : 14.08.2024

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച്ഫെലോയുടെ താൽക്കാലിക ഒഴിവ്

കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ശാന്തിനഗറിൽ പ്രവർത്തിച്ചുവരുന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു റിസർച്ച് ഫെലോയുടെ താൽക്കാലിക ഒഴിവുണ്ട്. കരാർ അടിസ്ഥാനത്തിലുള്ള നിയമന കാലാവധി ഒരു വർഷമായിരിക്കും. പ്രതിമാസവേതനം 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം). മാനവിക വിഷയങ്ങളിൽ 50% കുറയാതെയുള്ള ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രായം 01/01/2024 ന് 35 വയസ്സ് കവിയുവാൻ പാടില്ല. (SC/ST, OBC, ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് പ്രായപരിധിയിൽ ഇളവ് ഉണ്ട്). മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ഭാഷാ പരിജ്ഞാനവും, കമ്പ്യൂട്ടർ പരിജ്ഞാനവും അഭിലഷണീയമായ യോഗ്യതകളാണ്. പ്രോജക്ടുകളിലും, ഗവേഷണ പ്രവൃത്തികളിലുമുള്ള പരിചയം അധിക യോഗ്യതയായി പരിഗണിക്കും. താല്പര്യമുള്ളവരുടെ അപേക്ഷ 31.08.2024-ന് വൈകുന്നേരം 5 മണിക്ക് മുൻപ് വിശദമായ ബയോഡാറ്റയും, പ്രായം, വിദ്യാഭ്യാസയോഗ്യത, പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിശദാംശങ്ങൾക്ക് www.ipaffairs.org

രജിസ്ട്രാർ,
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്
ബിൽഡിംഗ് നം. 32, ടി സി 81-1051, ശാന്തിനഗർ,
തിരുവനന്തപുരം -695001
**ടെലഫോൺ നം. 0471- 2339266**

ഡോ. ബിവീഷ് യു.സി
ഡയറക്ടർ ജനറൽ